ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പളം

39 (2867) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേനയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം

40 (2868) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡിൽ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിലെ പുരോഗതി നിരീക്ഷിക്കുന്നതിനും പദ്ധതി നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(സി) പ്ലാൻസ്പേസിൽ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly